# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:263** **10.03.2017-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികൾക്ക് വീട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ജോയി<br>ശ്രീ. കെ. ദാസൻ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.എ. എൻ. ഷംസീർ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിതമായ വീട് ഉറപ്പാക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് സഹായം ലഭിക്കുമെന്നാണ് കരുതുന്നത്; | ബി) പ്രസ്തുത പദ്ധതികൾ പ്രകാരം 2016-17 വർഷം ആകെ 3397 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കും |
| സി) ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി എത്ര കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്; | സി) 2016-17 വർഷം ഇതിനായി 48 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. |
| ഡി) ഇവർക്കായി പാർപ്പിട സമുച്ചയം പണിത് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഡി) ഉണ്ട്. ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്ന 'ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി'ക്ക്, 2014-15 സാമ്പത്തിക വർഷം 48 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ ആദ്യ ഘട്ടമായി തിരുവനന്തപുരത്ത് വലിയതുറയിൽ 32 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനു വേ ണ്ടി ഫ്ളാറ്റ് നിർമ്മാണം ആരംഭിക്കുകയും ഇതിൽ 8 എണ്ണത്തിന്റെ പണി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളികളെ പുനരധിവാസിപ്പിക്കുന്ന തിനുള്ള പദ്ധതി പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ